കാസർഗോഡ്

ഇല്ല.

(സി) 1998-99 അദ്ധ്യയന വർഷത്തിൽ 700 പേർ പാസ്സായിട്ടുണ്ട്.

(ഡി) മിക്കവാറും എല്ലാ സർക്കാർ സ്കൂളുകളോടനുബന്ധിച്ചും പി.ടി.എ. നടത്തുന്ന പ്രീ-പ്രൈമറി സ്കൂളുകളുണ്ട്. ഇതു കൂടാതെ സ്ഥലസൗകര്യമുള്ള സർക്കാർ സ്കൂളുകളിൽ പ്രീ-പ്രൈമറി ക്ലാസ്സ് നടത്തുന്നതിന് രജിസ്റ്റർ ചെയ്ത മഹിളാ സമാജങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, ജില്ലാ സ്കൗട്ട് അസോസിയേഷനുകൾ എന്നിവർക്ക് അനുവാദം കൊടുത്തിട്ടുണ്ട്. ഇതു കൂടാതെ സർക്കാർ നേരിട്ടു നടത്തുന്ന അൻപത്തിയഞ്ച് മോഡൽ പ്രീ-പ്രൈമറി സ്കൂളുകളും ഉണ്ട്. ഈ സ്ഥാപനങ്ങളിലെല്ലാം ജോലി ലഭിക്കാനുള്ള സാദ്ധ്യത ഉണ്ട്.

42 (483) ചേറൂർ ജി.എം.എൽ.പി. സ്കൂളിൽ

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ചേറൂർ ജി.എം.എൽ.പി. സ്കൂളിൽ അധ്യാപകനായിരുന്ന ശ്രീ. സി.ഡി. സുരേഷ് കുമാറിനെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തതെന്നാണ്;

(ബി) ഇദ്ദേഹത്തിന്റെ പേരിലുള്ള കുറ്റാരോപണങ്ങൾ എന്തെല്ലാം;

(സി) ഇദ്ദേഹത്തിന് ഉപജീവന ബത്ത നൽകുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ കാരണമെന്ത്;

(ഇ) തുടർച്ചയായി എത്രനാൾ ഒരു സർക്കാർ ഉദ്യോഗസ്ഥനെ സസ്പെൻഷനിൽ നിർത്താനാണ് നിലവിൽ നിയമമുള്ളത്;

(എഫ്) ശ്രീ. സുരേഷ് കുമാറിന്റെ കാര്യത്തിൽ പ്രസ്തുത നിയമം അനുസരിച്ചിട്ടുണ്ടോ;

(ജി) ശ്രീ. സുരേഷ് കുമാറിന് ഉപജീവന ബത്ത നൽകിയിട്ടുണ്ടെങ്കിൽ അത് എന്നുവരെ തുടർന്നു എന്നും ഇടയ്ക്ക് ഉപജീവനബത്ത നൽകുന്നത് നിർത്തിവച്ചിട്ടുണ്ടെങ്കിൽ അതിനുള്ള കാരണമെന്തെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രീ. സി.ഡി. സുരേഷ് കുമാറിനെ അച്ചടക്ക നടപടിയുടെ ഭാഗമായി 12.9.94-ലെ സർക്കാർ ഉത്തരവ് ജി.ഒ. (ആർ.ടി.) 3469/94/പൊ.വി.പ്രകാരം 24.9.94-ന് സസ്പെന്റ് ചെയ്തു.

(ബി) വേങ്ങര വിദ്യാഭ്യാസ ഉപജില്ലയിലെ ഊരകം കീഴ്മുറി ജി.എൽ.പി.എസ്.ലെ സഹഅദ്ധ്യാപികയായ ശ്രീമതി സി.ഒ. അമ്മിണി നൽകിയ പരാതിയിൽ അവരുടെ ഭർത്താവായ ശ്രീ. സി.ഡി. സുരേഷ് കുമാർ ശ്രീമതി ഇന്ദിരാവതി എന്ന സ്ത്രീയെ 2.2.1987-ൽ രജിസ്റ്റർ വിവാഹം നടത്തി എന്നതാണ് കുറ്റാരോപണം.

(സി&ഡി) ഇദ്ദേഹത്തിന് 1994 മുതൽ 7/99 വരെ ഉപജീവന ബത്ത നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സസ്പെൻഷൻ കാലയളവിൽ ഉപജീവന ബത്ത നൽകിയതിൽ അക്കൗണ്ടന്റ് ജനറൽ തടസ്സവാദം ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ ഹെഡ്മാസ്റ്റർ ഉപജീവന ബത്ത നിർത്തിവച്ചതായി അറിയിച്ചിട്ടുണ്ട്.

(ഇ) ഒരു സർക്കാർ ഉദ്യോഗസ്ഥനെ സസ്പെൻഷനിൽ നിർത്തി ആറു മാസത്തിനകം റിവ്യൂ നടത്തി സസ്പെൻഷൻ തുടരണമോ എന്ന് തീരുമാനിച്ച് ആവശ്യമെങ്കിൽ 6 മാസത്തിലധികം സമയവും സസ്പെൻഷനിൽ നിർത്താവുന്നതാണ്.

(എഫ്) ഉണ്ട്.

(ജി) ഉത്തരം സി&ഡി. അന്വേഷണത്തിൽ രണ്ടു വിവാഹം നടത്തിയെന്ന കുറ്റം തെളിയിക്കപ്പെട്ടാൽ ഒരു സർക്കാർ ഉദ്യോഗസ്ഥനെ സസ്പെൻഷൻ തീയതി മുതൽ സർവ്വീസിൽനിന്നും പുറത്താക്കണമെന്നതാണ് ശിക്ഷ. ഈ നിയമപരമായ നില എ.ജി.യുടെ തടസ്സവാദത്തിന് കാരണമായിട്ടുണ്ട്.

43 (484) ഡിവിഷൻ കുറവുമൂലം ജോലി നഷ്ടപ്പെടുന്ന വർക്കുള്ള സംരക്ഷണം

<u>ശ്രീമതി ആർ. ലതാദേവി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിവിഷൻ കുറവുമൂലം ജോലി നഷ്ടപ്പെടുന്ന സ്വകാര്യ സ്കൂളധ്യാപകർക്കുള്ള ജോലി സംരക്ഷണം അധ്യാപകേതര ജീവനക്കാർക്കും ബാധകമാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നുവരെയുള്ളവർക്കെന്ന് അറിയിക്കുമോ;

(സി) സ്വകാര്യ സ്കൂൾ അധ്യാപകർക്ക് ലഭിക്കുന്ന ജോലി സംരക്ഷണം അധ്യാപകേതര ജീവനക്കാർക്കും നൽകാൻ അടിയന്തിര നടപടി കൈക്കൊള്ളുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 15.7.1995-ൽ ഏഴുവർഷം (7 വർഷം) സർവ്വീസ് പൂർത്തിയാക്കിയ അധ്യാപകേതര ജീവനക്കാർക്ക് 6.8.98-ലെ ജി.ഒ. (എം.എസ്.) 311/98 പൊ.വി. നമ്പർ ഉത്തരവു പ്രകാരം ജോലി സംരക്ഷണം നൽകിയിട്ടുണ്ട്.

(സി) 26.7.99-ൽ പുറപ്പെടുവിച്ച ഗവ. ഉത്തരവു പ്രകാരം സ്വകാര്യ സ്കൂൾ അധ്യാപകർക്കു ലഭിക്കുന്ന സംരക്ഷണാനുകൂല്യം അധ്യാപകേതര ജീവനക്കാർക്കും നൽകുന്നകാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

44 (485) പ്രാഥമിക വിദ്യാഭ്യാസ രംഗം നവീകരിക്കാൻ പരിപാടികൾ

<u>ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ</u> :
<u>ശ്രീ. അടൂർ പ്രകാശ്</u> :
<u>ശ്രീമതി രാധാ രാഘവൻ</u> :
<u>ശ്രീ. ഇ.എം. അഗസ്തി</u> :

LIBRARY ARCHIVES Kerala Legislative Assembly